**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1048** **18-09-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ആക്രമണത്തിനിരയായവർക്കു നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സ്വത്തിനും കൃഷിക്കും നാശം സംഭവിച്ചവർക്കുമായി എത്ര രൂപ നഷ്ടപരിഹാര തുകയായി വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം (20.05.2021 മുതൽ 31.08.2025 വരെ) വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സ്വത്തിനും കൃഷിക്കും നാശം സംഭവിച്ചവർക്കുമായി വിതരണം ചെയ്ത നഷ്ടപരിഹാര തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതൊക്കെ നഷ്ടപരിഹാര തുകകൾ വർദ്ധിപ്പിച്ചിട്ടുണ്ട്; ഇനി ഏതൊക്കെ നഷ്ടപരിഹാര തുകകൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കാമോ? | (ബി) | മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് വനം വകുപ്പിൽ നിന്നും നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് (Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980) ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05/04/2018-ലെ സ.ഉ. (കൈ) നം. 17/2018/വനം, 20/01/2024-ലെ സ.ഉ. (കൈ) നം. 03/2024/വനം എന്നീ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് നഷ്ടപരിഹാരം അനുവദിച്ച് വന്നിരുന്നത്.<br><br>മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ. (സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾക്ക് 07/03/2024 തീയതി മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മനുഷ്യ വന്യജീവി സംഘർഷത്തിൽ ഉണ്ടാകുന്ന സ്ഥായിയായ അംഗവൈകല്യത്തിന് അനുവദിച്ചിരുന്ന പരമാവധി നഷ്ടപരിഹാരത്തുക രണ്ട് ലക്ഷത്തിൽ നിന്നും രണ്ടര ലക്ഷമായി ടി പുതുക്കിയ ഉത്തരവ് പ്രകാരം ഉയർത്തിയിട്ടുണ്ട്. കൂടാതെ വനത്തിന് പുറത്ത് വച്ച് പാമ്പ് കടിയേറ്റോ തേനീച്ച/കടന്നൽ എന്നിവയുടെ കുത്തേറ്റോ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകി വന്നിരുന്ന ധനസഹായം രണ്ട് ലക്ഷം രൂപയിൽ നിന്നും നാല് ലക്ഷമായും ഉയർത്തിയിട്ടുണ്ട്. മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട മറ്റ് നഷ്ടപരിഹാര തുകകൾ പരിഷ്കരിക്കുന്ന വിഷയം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| മരണം | പരിക്ക് | കൃഷിനാശം | കന്നുകാലി നഷ്ടം | സ്വത്ത് നാശം | ആകെ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 2314 | 1840.99 | 647.82 | 1750.92 | 296.18 | 6849.91 |